പ്രസിദ്ധീകരണത്തിന്

മുന്നാക്കസമുദായത്തിനുവേണ്ടി നല്ലതുചെയ്ത ഇടതുപക്ഷത്തെ പ്രകീർത്തിക്കുകയാണ് എൻ.എസ്എസ്.ചെയ്യേണ്ടതെന്ന സി.പി.എം. സംസ്ഥാനസെക്രട്ടറി കോടിയേരി ബാലകൃഷ്ണന്റെ പ്രസ്താവന തെറ്റിദ്ധാരണ പരത്താൻവേണ്ടിയുള്ളതും വസ്തുതകൾക്കു നിരക്കാത്തതുമാണ്. ഈ സർക്കാർ മുന്നാക്കസമുദായങ്ങൾക്കോ എൻ.എസ്.എസ്സിനോ വേണ്ടി എന്തു നന്മയാണ് ചെയ്തതെന്ന് കോടിയേരി വ്യക്തമാക്കണം.

എൻ.എസ്.എസ്. ഈ ഗവണ്മെന്റിനോട് സഹകരിച്ചിട്ടേയുള്ളൂ. വിശ്വാസസംരക്ഷണത്തിന്റെ കാര്യത്തിൽ മാത്രമാണ് അഭിപ്രായഭിന്നത ഉണ്ടായിട്ടുള്ളത്. എന്നാൽ, നായർസമുദായം അടക്കമുള്ള മുന്നാക്കസമുദായങ്ങൾക്കും അതിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്കും വ്യവസ്ഥാപിതമായി ലഭിച്ചുവന്നിരുന്ന ആനുകൂല്യങ്ങളെല്ലാംതന്നെ തടഞ്ഞുവയ്ക്കുകയാണ് സർക്കാർ ചെയ്തത് എന്ന് അക്കമിട്ടു വ്യക്തമാക്കിയിട്ടുള്ളതാണ്. അതിനൊന്നും സർക്കാരിനു മറുപടിയില്ല.

എൻ.എസ്.എസ്സിനു വേണ്ടി ഈ ഗവണ്മെന്റിനോട് ആകെ ആവശ്യപ്പെട്ടിട്ടുള്ളത് ദേവസ്വം ബോർഡിൽ മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് സംവരണം നല്കണമെന്നും, കഴിഞ്ഞ ഗവണ്മെന്റ് പൊതുഅവധിയായി പ്രഖ്യാപിച്ച മന്നത്തുപത്മനാഭന്റെ ജന്മദിനം നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്ടിന്റെ പരിധിയിൽകൊണ്ടുവരണമെന്നും മാത്രമാണ്. അത് എവിടെ നില്ക്കുന്നു എന്ന കാര്യം എല്ലാവർക്കും അറിയാം.

ദേവസ്വം ബോർഡിലെ 10 ശതമാനം മുന്നാക്കസംവരണം ആയാലും, കേന്ദ്രഗവണ്മെന്റ് അനുവദിച്ച 10 ശതമാനം സംവരണം ആയാലും നടപ്പാക്കാതിരിക്കാതിരിക്കാനോ കാലതാമസം വരുത്താനോ വേണ്ടിയുള്ള ബോധപൂർവമായ നീക്കമാണ് സർക്കാർഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്.

ഈ ഉപതിരഞ്ഞെടുപ്പുകളിൽ ശരിദൂരം കണ്ടെത്തണമെന്നു പറയേണ്ടിവന്ന സാഹചര്യം എന്താണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ആ നിലപാട് നാടിന്റെ നന്മയ്ക്കുവേണ്ടിയാണ്. ഇക്കാര്യത്തിൽ പ്രത്യേക അവകാശവാദമോ ആശങ്കയോ എൻ.എസ്.എസ്സിനില്ല.

പെരുന്ന
14.10.2019

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി